LIBRARY ARCHIVES Kerala Legislative Assembly

പരവൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

73 (4508) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 109 വർഷം പഴക്കമുള്ള പരവൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നുണ്ടെങ്കിൽ ഇതിന്റെ പണി എന്ന് ആരംഭിക്കുമെന്നും എന്ന് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പതിനൊന്നാം ധനകാര്യ കമ്മിഷൻ അവാർഡ് തുക വിനിയോഗിച്ച് പരവൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

ട്രാഫിക് അഡ്വൈസറി ബോർഡ് യോഗം

74 (4509) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ട്രാഫിക് അഡ്വൈസറി ബോർഡ് യോഗം ചേരുന്നുണ്ടോ ;

(ബി) ബോർഡിന്റെ യോഗം ചേരുന്നതിനുള്ള നിയമവ്യവസ്ഥ എന്താണെന്നും ബോർഡിന്റെ യോഗം അവസാനമായി ചേർന്നതെന്നാണെന്നും ഇനി യോഗം നിശ്ചയിച്ചിട്ടുള്ളത് എന്നാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രാഫിക് അഡ്വൈസറി ബോർഡ് യോഗം വിളിച്ചു ചേർക്കുന്നത് ജില്ലാ കളക്ടറുടെ നേതൃത്വത്തിലാണ്. പ്രസ്തുത യോഗത്തിൽ പോലീസ് ഓഫീസർമാരും പങ്കെടുക്കാറുണ്ട്. 1-2-2003-ന് ആണ് അവസാനമായി ട്രാഫിക് അഡ്വൈസറി ബോർഡ് യോഗം പെരിന്തൽമണ്ണയിൽ ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ വിളിച്ചുചേർത്തത്. അടുത്ത യോഗതീയതി തീരുമാനിച്ചിട്ടുണ്ടെങ്കിൽ എന്നാണെന്നുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട എസ്.ഐ.മാരുടെ പരിശീലനം

75 (4510) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ പോലീസ് അക്കാദമിയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട എസ്.ഐ.മാരുടെ പരിശീലനം എന്നുമുതൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?